(3) ആറ്റിങ്ങൽ കോളേജ് കെട്ടിടത്തിന്റെ പണി

ശ്രീ. പി. വിജയദാസ് :—സർ, ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിന്റെ പുതിയ കെട്ടിടത്തിന്റെ പണി സ്തംഭിച്ചിരിക്കുന്നതിനെക്കുറിച്ച് സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. വർഷങ്ങൾക്കുമുമ്പ് രണ്ട് പുതിയ കെട്ടിടത്തിന് അനുമതി നൽകിയതാണ്. ഒരെണ്ണം സയൻസ് ബ്ലോക്ക് ആണ്. മറ്റൊന്ന് ടെൻഡർ വിളിച്ച് പണി ആരംഭിച്ചു. പക്ഷെ പണി ഏറ്റെടുത്ത കരാറുകാർ രണ്ടുപേരും ആ പണി പൂർത്തിയാക്കാത്ത നടപടിയാണുണ്ടായത്. കഴിഞ്ഞ നാലുവർഷമായിട്ട് അതിന്റെ പണി അതുപോലെതന്നെ കിടക്കുകയാണ്. കൺസ്ട്രക്ഷൻ കോർപ്പറേഷനെക്കൊണ്ട് ഇതിന്റെ പണി ഏറ്റെടുപ്പിച്ചിട്ടുണ്ട്. 17-5-1985-ൽ കൺസ്ട്രക്ഷൻ കോർപ്പറേഷൻ എഗ്രിമെന്റ് വച്ച് ആ വർക്ക് ഏറ്റെടുത്തു. പക്ഷെ മോബലൈസേഷൻ ഫണ്ട് ലഭിച്ചാൽ മാത്രമേ പണി ആരംഭിക്കാൻ പറ്റുകയുള്ളു. ഇരുപത് ശതമാനം തുകയെങ്കിലും മോബലൈസേഷൻ ഫണ്ട് അനുവദിച്ച് ഇതിന്റെ പണി ആരംഭിക്കുന്നതിന് വിദ്യാഭ്യാസമന്ത്രിയും ധനകാര്യമന്ത്രിയും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം സയൻസ് ബ്ലോക്കിന്റെ പണി ടെൻഡർ വിളിച്ച് അതിന്റെയും പണി ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, 1975-ൽ തുടങ്ങിയ കോളേജിന് സ്വന്തമായി കെട്ടിടം പണിതിട്ടില്ലെന്നുള്ളത് ശരിയാണ്. 1977-ൽ 44.15 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി. പിന്നീട് അത് ഏറ്റെടുത്ത കോൺട്രാക്ടർ പണി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ 1980-ൽ വീണ്ടും മറ്റൊരു ഭരണാനുമതി നൽകി. 45.44 ലക്ഷം രൂപയ്ക്ക് വീണ്ടും പണി നടത്താനുള്ള ശ്രമം നടത്തുകയുണ്ടായി. പക്ഷേ ആ കരാറിൽ പണി ഏറ്റെടുക്കുന്നതിന് കരാറുകാർ ആരും മുന്നോട്ടുവരാത്ത സാഹചര്യത്തിലാണ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഈ ജോലി ഏൽപ്പിച്ചത്. 19-2-1985-ൽ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചു. രണ്ടുമൂന്ന് കാര്യങ്ങളാണ് പറഞ്ഞിരുന്നത്. എസ്റ്റിമേറ്റ് തുകയുടെ 90 ശതമാനം കൂടുതലായിട്ടാണ് ജോലി അവാർഡ് ചെയ്യുന്നത്. പണി പന്ത്രണ്ട് മാസത്തിനകം തീർക്കണം. അതിനിടയിൽ ഉണ്ടാകുന്ന വർദ്ധനവൊന്നും അനുവദിക്കുകയില്ല. പത്തുശതമാനം പലിശയില്ലാത്ത മോബലൈസേഷൻ അഡ്വാൻസ് നൽകും. ഈ വ്യവസ്ഥയിലാണ് അവർക്ക് കൊടുത്തത്. അതിനുശേഷം കോൺട്രാക്ടർ തുകയുടെ 90 ശതമാനം വർദ്ധനവും 20 ശതമാനം അഡ്വാൻസും നൽകിയാൽ മാത്രമേ പണി ഏറ്റെടുക്കാൻ പറ്റുകയുള്ളുവെന്നാണ് അറിയിച്ചിരിക്കുന്നത്. ഇതിന്റെ വിശദാംശങ്ങൾ അവരോട് ആവശ്യപ്പെട്ടിട്ടുണ്ട്. കോർപ്പറേഷനിൽനിന്നുള്ള മറുപടി കിട്ടിയതിനുശേഷം അടിയന്തിര നടപടി സ്വീകരിക്കാം. കഴിയുന്നതും ഒരുവർഷത്തിനുള്ളിൽ ഇതിന്റെ പണി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(4) കൈത്തറി വികസന കോർപ്പറേഷൻ, മിൽത്തുണി വാങ്ങി വ്യാപാരം നടത്തുന്നുവെന്ന് ആക്ഷേപം

ശ്രീ. കെ. ടി. കുമാരൻ: ലക്ഷക്കണക്കിന് കൈത്തറി തൊഴിലാളികളേയും ആ വ്യവസായത്തേയും സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധ ക്ഷണിക്കുന്നത്. കണ്ണൂരിലെ ഹാൻഡ്ലൂം

LIBRARY ARCHIVES Kerala Legislative Assembly

ഡവലപ്പ്മെൻറ് കോർപ്പറേഷനിലെ ഏതാനും ഉദ്യോഗസ്ഥൻമാർ ആ കോർപ്പറേഷനെ തകർക്കുന്നതിനുവേണ്ടി ബോധപൂർവ്വം പരിശ്രമിച്ചുവരുന്നതായി മനസ്സിലാകുന്നുണ്ട്. കൊല്ലം വെളിയം പടിഞ്ഞാറേക്കര വീവിംഗ് സൊസൈറ്റിയുടെ പേരിൽ കള്ളമായി ഇൻവോയിസ് എഴുതി മഹാരാഷ്ട്രയിൽനിന്ന് മിൽത്തുണി (പതിനായിരക്കണക്കിന് ഡബിൾ ദോത്തിയും ബഡ്ഷീറ്റുമൊക്കെ) ഇറക്കുമതി ചെയ്ത് ചിറയ്ക്കലിലുള്ള ഗോഡൗണിൽ സെൻറിൽവച്ച് അത് മാറ്റി കൈത്തറി തുണിയായിട്ട് സീൽ ചെയ്ത് വിൽപന നടത്തുകയും 35 രൂപ വിലയുള്ള ഡബിൾ ദോത്തിക്ക് 68 രൂപ വില നിശ്ചയിച്ച് വിൽക്കുകയും അതുവഴി ലക്ഷക്കണക്കിന് രൂപ റിബേറ്റ് ഇനത്തിൽ തട്ടിയെടുക്കുകയും ചെയ്ത് ആ വ്യവസായത്തേയും തൊഴിലാളികളേയും നശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിരിക്കുകയാണ്. രണ്ട് ദിവസത്തിനുമുമ്പ് ഇക്കാര്യം ബഹുമാനപ്പെട്ട പി. വി. കുഞ്ഞിക്കണ്ണൻ ചോദ്യോത്തരസമയത്ത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഇക്കാര്യം എൻെറ ശ്രദ്ധയിൽപ്പെട്ടില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി അന്നു പറഞ്ഞത്. അതേയവസരത്തിൽത്തന്നെ മലയാള മനോരമ, കേരള കൗമുദി തുടങ്ങിയ പ്രധാനപ്പെട്ട പത്രങ്ങളിൽ ഈ റിപ്പോർട്ട് വന്നിട്ടുണ്ട്. കൈത്തറി തൊഴിലാളികളും ബന്ധപ്പെട്ട യൂണിയനുകളും ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപെടുത്തിയതാണ്. എന്നിട്ട് ഇത് അറിയുകയില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രിയും ഇക്കാര്യത്തിൽ അവർക്ക് എന്തൊക്കയോ സഹായം നൽകുന്നുണ്ടെന്ന് ഇതുമൂലം ഞാൻ വിശ്വസിക്കുകയാണ്. അതുകൊണ്ട് അടിയന്തിരമായും ഇത്തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുള്ള ആളുകളുടെ പേരിൽ തക്കതായ നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

വ്യവസായവകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ സബ്മിഷനിൽകൂടി ഗവൺമെൻറ് ഉടമയിലുള്ള ഒരു കോർപ്പറേഷൻ മനഃപൂർവ്വം റിബേറ്റ് വെട്ടിക്കുന്നുയെന്നു പറഞ്ഞ ആ ആരോപണം ഞാൻ നിഷേധിക്കുന്നു. അത് തെറ്റാണ്. ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ ചോദിച്ച ചോദ്യവും ബഹുമാനപ്പെട്ട കുമാരൻ ഉന്നയിച്ച സബ്മിഷനും രണ്ടും രണ്ടാണ്. ഈ പ്രശ്നം സംബന്ധിച്ച് ഇവിടെ സബ്മിഷൻ കിട്ടിയപ്പോൾ ഹാൻറ്ലൂം കോർപ്പറേഷനിൽ നിന്ന് വിശദീകരണം വാങ്ങി. അത് ഞാൻ ബഹുമാനപ്പെട്ട ചെയറിൻെറയും സഭയുടേയും മുമ്പിൽ വയ്ക്കുകയാണ്. കേരളാ സ്റ്റേറ്റ് ഹാൻറ്ലൂം ഡവലപ്പ്മെൻറ് കോർപ്പറേഷൻ മിൽതുണി വാങ്ങി പ്രോസസ് ചെയ്തതായിട്ടുള്ള വിവരം ഒകാർപ്പറേഷൻെറ ചെയർമാൻ ശ്രീ. രാമകൃഷ്ണനെ ആ ബോർഡിലുള്ള ഉത്തരവാദപ്പെട്ട ഒരു മെംബർ അറിയിച്ചു. അപ്പോൾത്തന്നെ ശ്രീ. രാമകൃഷ്ണനും ഇതിൻെറ ഒരു മെംബറായ പുരുഷോത്തമനും കൂടി പ്രോസസിംഗ് യൂണിറ്റ് ചർച്ച ചെയ്യുകയും ഡബിൾ വേഷ്ടിയായ മിൽത്തുണിയിൽപ്പെട്ട കുറച്ച് സാധനങ്ങൾ കണ്ടുപിടിക്കുകയും ചെയ്തു. അത് ഉടനെ മാറ്റിവക്കുകയും അത് പ്രോസസ് ചെയ്ത് വിൽക്കാൻ പാടില്ലെന്ന് ഉത്തരവ് കൊടുക്കുകയും ചെയ്തു. ഇതു സംബന്ധിച്ച് അപ്പോൾത്തന്നെ പ്രാഥമികമായ അന്വേഷണം ചെയർമാൻ നടത്തിയപ്പോൾ വെളിയം കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പേരിലുള്ള ഇൻവോയിസും ഒരു ലെറ്ററും കണ്ടു. പക്ഷേ സൊസൈറ്റി ഇതുമായി യാതൊരു നിലക്കും ബന്ധപ്പെട്ടിട്ടില്ല. അതേസമയത്ത് ലെറ്റർ കള്ളമായി പ്രിൻറ് ചെയ്തിച്ചതാണെന്നാണ് മനസ്സിലാക്കുന്നത്. ഉടനെതന്നെ ഇതു സംബന്ധിച്ച് ബോർഡ് വിളിച്ചുകൂട്ടി ബോർഡിലെ അനൗദ്യോഗിക അംഗങ്ങളുടെ സബ്കമ്മിറ്റിയെ ഇതു

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് അന്വേഷണം നടത്താൻ നിയമിച്ചു. ശ്രീ. ചടയൻ ഗോവിന്ദൻ, ശ്രീ. പാലോട് രവി, ശ്രീ. വിജയകുമാർ, ശ്രീ. ടി. കെ. അബ്ദുള്ളക്കോയ, ശ്രീ. ഇ. കെ. കുര്യാക്കോസ് എന്നിവരാണ് ആ സബ്കമ്മിറ്റിയിലെ അംഗങ്ങൾ. ഉടനേതന്നെ ആ കമ്മിറ്റിയുടെ റിപ്പോർട്ട് വരുത്തിക്കഴിഞ്ഞാൽ നടപടിയെടുക്കുന്നതാണ്. ഇതിൽ കോർപ്പറേഷൻ മനഃപൂർവ്വം ഒന്നും ചെയ്തിട്ടില്ല. പഴയകാലത്ത് കോർപ്പറേഷൻ നടത്തിയ ആളുകൾ അവിടെ ചില ഉദ്യോഗസ്ഥന്മാരെ നിയമിച്ചിരുന്നു. ആ ഉദ്യോഗസ്ഥന്മാർ മനഃപൂർവ്വം കോർപ്പറേഷനെ താറടിക്കാനാണ് ഇങ്ങനെയൊരു പ്രവൃത്തി ചെയ്തത്. എന്തായാലും അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥന്മാർ ആരായാലും അവരുടെ പേരിൽ കർശനമായ നടപടിയെടുക്കുന്നതാണ്. കോർപ്പറേഷൻ മനഃപൂർവ്വം ഒന്നും ചെയ്തിട്ടില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മെംബറുടെ പ്രസംഗത്തിലെ വാക്കുകളിലുള്ള ദുസൂചന ഞാൻ നിഷേധിക്കുകയാണ്.

(5) കലാമണ്ഡലത്തിൽ പഠനം പൂർത്തിയാക്കുന്നവർക്ക് തൊഴിൽ

ശ്രീ. സി. കെ. ചക്രപാണി: സർ, കലാമണ്ഡലത്തിനേറെയും അവിടെ നിന്നും കഥകളി വേഷം, കഥകളി സംഗീതം, ചെണ്ട, മദ്ദളം, പോപ്പുപന്നി, കൂടിയാട്ടം, പുരുഷവേഷം, സ്ത്രീ വേഷം, മിഴാവ്, ഭരതനാട്യം, മോഹിനിയാട്ടം, മൃദംഗം, തുള്ളൽ, പഞ്ചവാദ്യം തുടങ്ങിയ വിഷയങ്ങൾ പഠിച്ച് പുറത്തുവരുന്ന വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ ഇന്നത്തെ ദയനീയമായ അവസ്ഥയിലേക്ക് ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിക്കും ഇതിൽ താൽപര്യമുണ്ടെന്ന് എനിക്കറിയാം. ബഹുമാനപ്പെട്ട സ്പീക്കർക്കും ഇക്കാര്യത്തിൽ വളരെ താൽപര്യമുണ്ട്. കാരണം, അങ്ങ് എസ്റ്റിമേറ്റ്സ് കമ്മിറ്റി ചെയർമാനായിരുന്ന അവസരത്തിൽ അവിടം സന്ദർശിക്കുകയും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും ആവുന്നത്ര പരിഹാരം കാണുന്നതിനുവേണ്ടി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയുമൊക്കെ കലാകാലങ്ങളിൽ അവിടെ പോയി ആ കഥകൾ ആസ്വദിക്കുകയും ചെയ്യാറുണ്ട്. നമുക്ക് അന്താരാഷ്ട്ര പ്രശസ്തി ഉണ്ടാക്കിതന്ന ഒരു സ്ഥാപനമാണത്. 1930-ലാണ് കലാമണ്ഡലം സ്ഥാപിച്ചത്; മഹാകവി വള്ളത്തോളും മുകുന്ദരാജായും കൂടി അതിന് പ്ലാനിലോ നോൺ പ്ലാനിലോ നമ്മൾ വേണ്ടത്ര ഫണ്ട് കൊടുക്കുന്നില്ല. ബഹുമാനപ്പെട്ട പണ്ഡിറ്റ്ജി അവിടെ 1955-ൽ സന്ദർശിച്ച അവസരത്തിൽ ഒരു ലക്ഷം രൂപ കൊടുത്തു. ഗുരുകുലപഠനമാണ് അവിടെ നടക്കുന്നത്. കൊച്ചുവെളുപ്പാൻകാലത്ത് നാലര മണിക്ക് എഴുന്നേൽക്കണം. ആറരമണിവരെ പഠിക്കുകയും വേണം. അങ്ങനെ പത്തുപന്ത്രണ്ടുകൊല്ലം പഠിച്ച് പുറത്തുവന്ന കുട്ടികൾ ഇന്ന് തെരുവാധാരമാണ്. ബഹുമാനപ്പെട്ട സ്പീക്കർ എസ്റ്റിമേറ്റ്സ് കമ്മിറ്റി ചെയർമാനായിരുന്ന കാലത്ത് സമർപ്പിച്ച റിപ്പോർട്ടിൽ ചില നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതൊന്ന് പരിശോധിക്കണം. ഈ കുട്ടികൾക്ക് ഇന്ന് യാതൊരു തൊഴിലുമില്ല. കലാമണ്ഡലത്തിൽ നിന്ന് കോഴ്സ് പൂർത്തിയാക്കി വരുന്നവർക്ക് ജോലി കിട്ടാനുള്ള സാദ്ധ്യത കുറവാണ്. അവിടെ നിന്നും കൊടുക്കുന്ന സർട്ടിഫിക്കറ് ആണെങ്കിൽ വേറെ ആരും അംഗീകരിക്കുന്നില്ല. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ചെയർമാൻ എന്ന നിലയ്ക്ക് ബഹുമാനപ്പെട്ട സ്പീക്കർ പ്രധാനപ്പെട്ട ചില നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഒരു ജില്ലയിൽ ഒരു സ്കൂളിൽ കഥകളി പഠനം എന്നതിന് പകരം ഒരു വിദ്യാഭ്യാസ ജില്ലയിലെ ഒരു സ്കൂളിൽ കഥകളിയും ഒരു റവന്യൂ ജില്ലയിലെ ഒരു സ്ക്കൂളിൽ പഞ്ചവാദ്യം, കൂടി

LIBRARY ARCHIVES Kerala Legislative Assembly